"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 27-05-2021

**സർക്കുലർ നം 34**

ജയിൽ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കോവിഡ് പരിശോധനയും കോവിഡ് പ്രതിരോധ വാക്സിനും നൽകുന്നതിനെ കുറിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം സമയ ബന്ധിതമായി നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും വിവിധ സർക്കുലറുകൾ മുഖാന്തിരം കർശന നിർദ്ദേശം നൽകിയിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 19.05.2021-ലെ ഉത്തരവിൽ ജയിൽ അന്തേവാസികളുടെ കോവിഡ് വാക്സിനേഷൻ ഉടനെ പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ച പ്രകാരമാണ് 20.05.2021-ലെ സർക്കുലർ 33 നൽകിയിരുന്നത്. പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള 45 വയസ്സിന് മുകളിലുള്ളവരുടെ വാക്സിനേഷൻറെ സമയപരിധി 2021 ജൂൺ 5 വരെ ദീർഘിപ്പിച്ചതായി അറിയിക്കുന്നു. 45 വയസ്സിന് താഴെയുള്ളവരുടെ രജിസ്ട്രേഷൻ ജൂൺ 15-ന് ഉള്ളിൽ തന്നെ നിർവ്വഹിക്കണമെന്നും, ജൂൺ മാസത്തിൽ എല്ലാ വിഭാഗത്തിലുംപെടുന്ന തടവുകാരുടെ വാക്സിൻ നടപടികൾ പൂർത്തീകരിക്കണമെന്നും അറിയിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/മദ്ധ്യ/ദക്ഷിണ മേഖല.

G5-9998/2021/PrHQ    875e3f